# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3020

13.07.2015-ൽ മറുപടിയ്ക്ക്

## ഓപ്പറേഷൻ കുബേര

| ചോദ്യം<br>ശ്രീ.ഇ.കെ.വിജയൻ | മറുപടി<br>ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഓപ്പറേഷൻ കുബേര നടപ്പിലാക്കിയിട്ടും ബ്ലേഡ് മാഫിയകളുടെ ഭീഷണിയും പീഡനവും മൂലം ആത്മഹത്യകൾ വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകാമോ ; | (എ) ഓപ്പറേഷൻ കുബേര നടപ്പിലാക്കിയിട്ടും ബ്ലേഡ് മാഫിയകളുടെ ഭീഷണിയും പീഡനവും മൂലം ആത്മഹത്യകൾ വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ബ്ലേഡ് മാഫിയകളുടെ ചൂഷണത്തിൽ നിന്ന് ജനങ്ങളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് ; | (ബി) ബ്ലേഡ് മാഫിയയുടെ ചൂഷണത്തിൽ നിന്നും ജനങ്ങളെ സംരക്ഷിക്കുന്നതിന് 'ഓപ്പറേഷൻ കുബേര' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിലൂടെ ഇത്തരക്കാരുടെ താവളങ്ങളിൽ റെയ്ഡുകൾ നടത്തി രേഖകളും മറ്റും കണ്ടെടുത്ത് കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ ജനമൈത്രീ പോലീസിലൂടെയും, റസിഡന്റ്സ് അസോസിയേഷനിലൂടേയും ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തിയും വരുന്നു. |
| (സി) ബ്ലേഡ് മാഫിയകളിൽ നിന്ന് ജനങ്ങളെ സംരക്ഷിക്കുന്നതിന് ആരംഭിച്ച പദ്ധതികൾ കാര്യക്ഷമമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ? | (സി) ബ്ലേഡ് മാഫിയകളിൽ നിന്നും ജനങ്ങളെ സംരക്ഷിക്കുന്നതിന് ആരംഭിച്ച 'ഓപ്പറേഷൻ കുബേര' എന്ന പദ്ധതി കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നു. ഓപ്പറേഷൻ കുബേര നടപ്പിലാക്കിയതിനുശേഷം നിരവധി കേസുകൾ എടുക്കുകയും, നിരവധി രേഖകൾ പിടിച്ചെടുക്കുകയും, പ്രതികളെ അറസ്റ്റ് ചെയ്ത് ശക്തമായ നിയമ നടപടികൾ സ്വീകരിച്ചും വരുന്നു. |

സെക്ഷൻ ഓഫീസർ